**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *269 — 9.7.2015 ൽ മറുപടിക്ക്

## ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ആർ. സെൽവരാജ് | അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് 29.5.2013 ലെ സ.ഉ(എം.എസ്) നം.230/13/റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) ഈ പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(സി) ജനങ്ങളുടെ യാത്രാ ക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് എന്തെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു; വ്യക്തമാക്കുമോ? | (ബി) & (സി) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ ടി പദ്ധതി പ്രാവർത്തികമായി കൂടുതൽ വില്ലേജുകൾ നിലവിൽ വരുന്നതോടെ നാളിതുവരെ നിലവിലുണ്ടായിരുന്ന ഭരണപരമായ അസൗകര്യങ്ങളും ജനങ്ങളുടെ യാത്രാ ക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുമുള്ളതുമായ സേവനം പ്രദാനം ചെയ്യുവാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ